5. പേ ആന്റ് യൂസ് പബ്ലിക് ബാത്ത് റൂം.

6. ടൂറിസ്റ്റ് ലക്ഷ്വറി ബോട്ടുകൾ നിർമ്മിക്കുക.

(ബി,സി) പദ്ധതികളെല്ലാം നടപ്പിലാക്കിവരുന്നുണ്ട്. അവയുടെ പുരോഗതി ചുവടെ ചേർക്കുന്നു.

ടൂറിസ്റ്റ് അമിനിറ്റി സെന്റർ പണി പൂർത്തിയായിവരുന്നു. ഉടൻ പ്രവർത്തനസജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

കനാൽ ബ്യൂട്ടിഫിക്കേഷൻ-സിവ്യൂ പാർക്കിനോടനുബന്ധമായി ഘട്ടം ഘട്ടമായി പൂർത്തിയായിവരുന്നു. മൂന്നാംഘട്ടം 7 ലക്ഷം രൂപ ചെലവ് വരുന്ന എസ്റ്റിമേറ്റ് അനുസരിച്ച് ടെൻഡർ ചെയ്ത് വർക്ക് ഓർഡർ നൽകി.

രാജാകേശവദാസ് പാർക്ക്- വർക്ക് ഓർഡർ നൽകി. പണിയാരംഭിച്ചു.

പിക്നിക്ക് സ്പോട്ട് - ടെൻഡർ ചെയ്ത് വർക്ക് ഓർഡർ നൽകി. പണിയാരംഭിച്ചു.

പേ ആന്റ് യൂസ് പബ്ലിക് ബാത്ത് റൂം-ടെന്റർ ചെയ്ത് കരാർ നൽകുന്നതിനുള്ള നടപടികൾ എടുത്തു.

ലക്ഷ്വറി ബോട്ടുകൾ-ഒരു ബോട്ട് പണിത് ഇറക്കി. രണ്ടാമത്തെ ബോട്ടിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ഡി) കനാലുകൾ മൊത്തമായി നവീകരിക്കുന്നതിനുള്ള പദ്ധതികൾ ഒന്നുംതന്നെ ഡി.ടി.പി.സി.യെ ഏൽപിച്ചിട്ടില്ല. എന്നാൽ കനാൽ സൗന്ദര്യവൽക്കരണം ലക്ഷ്യമിട്ടുകൊണ്ട് ഏറ്റെടുത്തിട്ടുള്ള സിവ്യൂ പാർക്ക് വികസനം, രാജാകേശവദാസ് പാർക്ക് നിർമ്മാണം എന്നീ പരിപാടികൾ പൂർണ്ണമായി പ്രവർത്തനക്ഷമമാകുമ്പോൾ കനാൽ ഏറിയഭാഗവും സൗന്ദര്യവല്ക്കരിക്കപ്പെടും എന്നും പ്രതീക്ഷിക്കുന്നു.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**134 (153) ലോക വിനോദസഞ്ചാര കൗൺസിലിൽ അംഗമാകുന്നതുകൊണ്ടുള്ള നേട്ടങ്ങൾ**

ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ആർ.ലതാദേവി :
ശ്രീ. പി.രാജു :
ശ്രീ. പി.നാരായണൻ :
ശ്രീ. കെ.പ്രകാശ് ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക വിനോദസഞ്ചാര കൗൺസിൽ കേരളത്തെ തെരഞ്ഞെടുത്ത പങ്കാളിയായി അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഫലമായി കേരളത്തിന് ലഭിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ;

(സി) ലോക വിനോദസഞ്ചാരകൗൺസിൽ തെരഞ്ഞെടുത്ത് പങ്കാളിയായി സംസ്ഥാനത്തെ അംഗീകരിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിന് ലഭിക്കുന്ന നേട്ടങ്ങൾ താഴെ പറയുന്നവയാണ്.

1. ലോക വിനോദസഞ്ചാര കൗൺസിലിന്റെ അംഗങ്ങളായ വിവിധ എയർലൈൻസ്, ഹോട്ടലുകൾ, ടൂർ ഓപ്പറേറ്റർമാർ എന്നിവയിലൂടെ കേരളത്തെ ഒരു മാതൃകാസംസ്ഥാനമാക്കി ഉയർത്തിക്കാട്ടുകയും നമ്മുടെ ടൂറിസം ഉൽപന്നങ്ങളെ അതുവഴി വിറ്റഴിക്കാൻ സഹായിക്കുകയും ചെയ്യും.

2. കൗൺസിലിന്റെ ഗവേഷണഫലങ്ങളായ ആഗോളരാജ്യാന്തര ടൂറിസം സ്റ്റാറ്റിസ്റ്റിക്സ് കേരളത്തിന് ഉപയോഗിക്കാൻ കഴിയും.

3. കേരളത്തിന്റെ തനതായ പ്രത്യേകതകൾ ഉൾക്കൊള്ളുന്ന ടൂറിസം സാറ്റലൈറ്റ് റിപ്പോർട്ട് രൂപപ്പെടുത്താൻ സാധിക്കും.

4. ആഗോളതലത്തിൽ വിജയപ്രദമെന്നു കണ്ടെത്തിയ നൂതന മാർഗ്ഗങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ സഹായകരമാകും.

5. ടൂറിസം വികസനത്തിന് തടസം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താൻ സഹായിക്കും.

(സി) ഏറ്റവും നൂതനമായ ടൂറിസം ഉൽപന്നങ്ങളെ അവതരിപ്പിച്ചും ഹൃദ്യമായ സേവനം നൽകിയും പൊതുമേഖലാ-സ്വകാര്യപങ്കാളിത്തം പ്രോൽസാഹിപ്പിച്ചും ശ്രദ്ധേയമായ നേട്ടങ്ങൾ ടൂറിസം രംഗത്ത് കൈവരിച്ചതിനാലാണ് ലോകവിനോദസഞ്ചാര കൗൺസിൽ കേരളത്തെ തെരഞ്ഞെടുത്ത പങ്കാളിയായി അംഗീകരിച്ചത്.

**135 (154) കൊടുങ്ങല്ലൂരിലെ പള്ളിപ്പുറം കോട്ടയും മറ്റും വിനോദസഞ്ചാര കേന്ദ്രമാക്കാൻ നടപടി**

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ പള്ളിപ്പുറം കോട്ട, കോട്ടപ്പുറം കോട്ട, ചേരമാൻ പറമ്പ് എന്നിവ അറ്റകുറ്റപ്പണികൾ നടത്തി ഒരു വിനോദസഞ്ചാര കേന്ദ്രമാക്കി പ്രഖ്യാപിക്കണമെന്ന് പുരാവസ്തു വകുപ്പിൽ നിന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനാവശ്യമായ ഫണ്ടും അനുമതിയും എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പണികളുടെ ഔപചാരികമായ ഉദ്ഘാടനം എന്നത്തേക്ക് നടത്താൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി,സി) പ്രസ്തുത പ്രോജക്ടുകൾ കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിനും സാമ്പത്തികസഹായത്തിനുമായി അയച്ചുകൊടുത്തിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ അംഗീകാരവും സാമ്പത്തികസഹായവും കിട്ടുന്ന മുറയ്ക്കു പദ്ധതി ആരംഭിക്കുവാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly